പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2285 27-10-2026-ൽ മറുപടിയ്ക്ക്

**പാലക്കാട് ജില്ലയിൽ ഐ.ടി. മേഖലയിലെ വികസനം**

| ചോദ്യം ഉന്നയിച്ച അംഗങ്ങൾ | മറുപടി നൽകിയ മന്ത്രി |
|---|---|
| ശ്രീ. കെ. പ്രേംകുമാർ | ശ്രീ. പി. കെ. കൃഷ്ണാലിക്കുട്ടി (വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി) |

**(എ)** പാലക്കാട് ജില്ലയിൽ ഐ.ടി.മേഖലയിലെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും യുവാക്കൾക്ക് പ്രാദേശികമായി ഐ.ടി.അധിഷ്ഠിത തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

**മറുപടി:** പാലക്കാട് ജില്ലയിലെ യുവാക്കളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനും അവരെ ആഗോള ഐ.ടി വിപണിക്ക് അനുയോജ്യമായ രീതിയിൽ സജ്ജരാക്കുന്നതിനുമായി കേരള ഐ.സി.ടി അക്കാദമി 'സ്കിൽ കേരളം' (Skill Keralam) പദ്ധതിയിലൂടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ്, സൈബർ സെക്യൂരിറ്റി, ക്ലൗഡ് കമ്പ്യൂട്ടിംഗ് തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകളിൽ വ്യവസായധിഷ്ഠിത പരിശീലനം യുവാക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. സാങ്കേതിക നൈപുണ്യത്തോടൊപ്പം കമ്മ്യൂണിക്കേഷൻ സ്കിൽസ്, സോഫ്റ്റ് സ്കിൽസ് എന്നിവയിലും ഈ പദ്ധതി വഴി പരിശീലനം നൽകി ഉദ്യോഗാർത്ഥികളെ പ്രാദേശികമായും അന്തർദ്ദേശീയമായും ഉള്ള ഐ.ടി/ ഐ.ടി.ഇ.എസ് (IT/ITeS) തൊഴിലവസരങ്ങളിലേക്ക് പ്രാപ്തരാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരള സ്റ്റാർട്ടപ്പ് മിഷൻ പാലക്കാട് പോളിടെക്നിക് കോളേജിൽ ലീപ് സെന്ററും മിനി ഫാബ് ലാബും വഴി സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ നൂതന ആശയങ്ങളെ കണ്ടെത്തുകയും അവയെ സാധ്യമായ സംരംഭക അവസരങ്ങളാക്കി മാറ്റുന്നതിനുള്ള പിന്തുണ നൽകുകയും ചെയ്യുന്ന ഐഡിയ ബോക്സ് ജില്ലാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

**(ബി)** ഒറ്റപ്പാലം മണ്ഡലത്തിൽ ഐ.ടി.മേഖലയുമായി ബന്ധപ്പെട്ട് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**മറുപടി:** ഒറ്റപ്പാലം മണ്ഡലത്തിൽ ഐ.ടി അധിഷ്ഠിത തൊഴിലവസരങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരള ഐ.സി.ടി. അക്കാദമി ഒറ്റപ്പാലത്ത് വെച്ച് സംഘടിപ്പിച്ച ഈ തൊഴിൽ മേളയിൽ ആകെ 328 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും, അതിൽ 69 പേരെ വിവിധ തസ്തികകളിലേക്ക് ഷോർട്ട്ലിസ്റ്റ് ചെയ്യുകയും, 29 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി, 'സ്കിൽ കേരളം' പദ്ധതിയുടെ ആനുകൂല്യങ്ങൾ ഒറ്റപ്പാലം മണ്ഡലത്തിലെ കൂടുതൽ യുവജനങ്ങളിലേക്ക് എത്തിക്കാൻ ഐ.സി.ടി അക്കാദമി ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി ഒറ്റപ്പാലം

മണ്ഡലത്തിലെ വിവിധ കോളേജുകളുമായും സ്ഥാപനങ്ങളുമായും സഹകരിച്ച് കൂടുതൽ ഐ.ടി നൈപുണ്യ പരിശീലന ക്ലാസുകളും, പ്രത്യേക പ്ലേസ്മെന്റ് ഡ്രൈവുകളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**